## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *331 — 31.01.2014-ൽ മറുപടിക്ക്

### പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.യു. കുരുവിള :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ വഴി ഭവന നിർമ്മാണ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാസഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന കാർഷികേതര വായ്പയിനത്തിൽ ഭവന നിർമ്മാണ വായ്പയും നൽകി വരുന്നുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ 20/12 നമ്പർ സർക്കുലർ പ്രകാരം 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 13.25% ഉം, 3 നും 5 ലക്ഷത്തിനുമിടയിൽ 13.75% ഉം 5-10 ലക്ഷം വരെ 14.50% ഉം 10 ലക്ഷത്തിനു മുകളിൽ 15% ഉം പരമാവധി നിരക്കിൽ സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകിയിട്ടുള്ള പ്രകാരം, നൽകി വരുന്നു. പ്രസ്തുത നിരക്കിൽ മാറ്റം വരുത്തുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. |
| (ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ വായ്പ കുടിശ്ശിക കുറയ്ക്കുന്നതിന് സംഘങ്ങളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങളാക്കി മാറ്റുന്നതിന് കുടിശ്ശിക നിവാരണ ക്യാമ്പയിനുകൾ ആശ്വാസ്-2011, 2012 എന്ന പേരിൽ നടപ്പിലാക്കുകയും, സഹകരണ |

സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനായി ഉണർവ്വ്-2012 എന്ന പേരിൽ തീവ്രയത്നപരിപാടി സംഘടിപ്പിക്കുകയും സംഘങ്ങളുടെ പൊതുവായ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി "എന്റെ സംഘം" എന്ന പദ്ധതിയും സംഘടിപ്പിക്കുക യുണ്ടായി. സഹകരണ നിക്ഷേപങ്ങൾക്ക് സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നിക്ഷേപഗ്യാരന്റി സ്കീം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാലാനുസൃതമാക്കിയത് മുഖേന സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തി പ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുള്ളത് അപ്രകാരം തുടരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ സാമ്പത്തികവർഷം അവസാനിച്ച് ആറു മാസത്തിനകം പൊതുയോഗം യഥാസമയം കൂടുന്നതിനും പൊതുയോഗത്തിൽ സംഘങ്ങളുടെ പ്രവർത്തനത്തെപ്പറ്റിയും ഭാവി പ്രവർത്തനത്തെപ്പറ്റിയും വ്യക്തമായ രൂപരേഖ അവതരിപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്നതും സംഘങ്ങളുടെ വായ്പകുടിശ്ശിക കുറയ്ക്കുന്നതിന് ആശ്വാസ്-2014 നടപ്പിലാക്കിവരുന്നതും നിക്ഷേപ സമാഹരണയജ്ഞം നടത്തുന്നതും നിക്ഷേപ ഗ്യാരന്റി സ്കീം വ്യാപിപ്പിക്കുകയും ചെയ്യുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ ശക്തിപ്പെടുത്തു ന്നതാണ്. കൂടാതെ, കാർഷിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ എല്ലാ പ്രാഥമിക കാർഷിക സംഘങ്ങളെയും ഏകോപിപ്പിച്ച് കൊണ്ട്

ബ്ലോക്കടിസ്ഥാനത്തിൽ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതും പൊതുവിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതാണ്.

കൂടാതെ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മൂലധനം ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ഓഹരിമൂലധനമായി ഈ സാമ്പത്തിക വർഷം 259 സംഘങ്ങൾക്കായി 250 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിന് പുറമെ അടുത്ത വർഷം 400 ലക്ഷം രൂപ കൂടി ഓഹരി മൂലധനമായി അനുവദിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതും, ബയോ ഗ്യാസ്, സൗരോർജ്ജ പദ്ധതി തുടങ്ങിയവയുള്ള വായ്പാപദ്ധതികൾ പുതുതായി നടപ്പിലാക്കുന്നതും, പുത്തൻ വായ്പാപദ്ധതികളും ജനങ്ങളെ സഹകരണ സംഘങ്ങളുമായി കൂടുതൽ അടുപ്പിക്കുകയും തദ്വാരാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഇടയാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**